മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ധനസഹായം

160 (3670) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടുത്തത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ധനസഹായത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ആം ആദ്മി ബീമ യോജന പദ്ധതി, മത്സ്യഫെഡ് മുഖേന വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി എന്നിവ വഴി ധനസഹായം അനുവദിച്ചുവരുന്നു.

(ബി) സമൂഹത്തിന്റെ താഴെത്തട്ടിലുള്ള മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ സാമൂഹ്യപുരോഗതിയും സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(സി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യബന്ധനത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ധനസഹായം നൽകുന്നതിനായി കാലാകാലങ്ങളിൽ ഇൻഷ്വറൻസ് പുതുക്കിവരുന്നു.

മത്സ്യഫെഡ് മുഖേന നടപ്പ് സാമ്പത്തിക വർഷം (2015-16) യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി 2016 മാർച്ച് 31 വരെ പ്രാബല്യത്തിലുണ്ട്. ഇതിനുള്ള അപേക്ഷ മത്സ്യഫെഡിന്റെ സംഘം/ക്ലസ്റ്റർ/ജില്ലാ ആഫീസുകളിൽനിന്ന് ലഭിക്കുന്നതാണ്. മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം; മസ്തിഷ്കാഘാതം എന്നിവമൂലം മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി മത്സ്യഫെഡ് നേരിട്ട് നടപ്പിലാക്കിവരുന്നു. ഇതിനുള്ള അപേക്ഷ മത്സ്യഫെഡിന്റെ സംഘം/ക്ലസ്റ്റർ/ജില്ലാ ആഫീസുകളിൽനിന്ന് ലഭിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ്

161 (3671) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് ധനസഹായം ലഭിക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഫിഷറീസ് വകുപ്പ് മുഖേന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയൊന്നും നടപ്പിലാക്കുന്നില്ല.

മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണം

162 (3672) ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും ഭവനരഹിതരുമായ മൽസ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly